**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **30-09-2025 - ൽ മറുപടിയ്ക്ക്**

**അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് എടുത്ത കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളും വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന ദൃഢനിശ്ചയത്തോടെ വിജിലൻസിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്ന 'അഴിമതിമുക്ത കേരളം' ക്യാമ്പയിൻ വലിയ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. അഴിമതിക്കാരായ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന പക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് വിവരദാതാക്കളുടെ ഒരു ശൃംഖല തന്നെ വിജിലൻസ് ഒരുക്കിയിട്ടുണ്ട്. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തുടർച്ചയായി നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും,ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.<br><br>അഴിമതി ഇല്ലായ്മ ചെയ്യുന്നതിന് നമ്മുടെ സംസ്ഥാനത്ത് പല ഏജൻസികളും നിയമ വ്യവസ്ഥകളും നിലവിലുണ്ടെങ്കിലും ഇവയൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന തരത്തിൽ പ്രവർത്തിച്ചിരുന്ന ഒരു വിഭാഗം കേന്ദ്ര സർക്കാർ ജീവനക്കാർ നടത്തുന്ന അഴിമതിക്കെതിരെ ശക്തമായ നടപടികൾ വിജിലൻസ് സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പണമിടപാടായി കൈക്കൂലി സ്വീകരിച്ചവർക്കും മദ്യം പാരിതോഷികമായി കൈപ്പറ്റിയവർക്കുമെതിരെ വിജിലൻസ് സ്വീകരിച്ചുവരുന്ന കർശന നടപടികൾ ഉദ്യോഗസ്ഥരിൽ ഭയം ജനിപ്പിച്ചിട്ടുള്ളതും ഇതിന്റെ ഫലമായി സാധാരണക്കാർ നിത്യേന സമീപിക്കുന്ന റവന്യൂ, തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം, |

രജിസ്ട്രേഷൻ, സിവിൽ സപ്ലൈസ് മുതലായ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് വേഗതയിലുള്ളതും അഴിമതിരഹിതവുമായ സേവനങ്ങൾ ലഭിച്ച് തുടങ്ങിയിട്ടുണ്ട്.

അഴിമതി നടത്തുന്നവരെ കൈയ്യോടെ പിടികൂടുന്നതിലേക്കായി ട്രാപ്പ് കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്ത് വരുകയും ആയതിലൂടെ അഴിമതി തടയുന്നതിലേക്ക് കർശന നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും, 8592900900 എന്ന നമ്പറിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ കൈക്കൊണ്ട് വരുന്നു.
അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്യൂട്ടിൽ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക്
എത്തിക്കുന്നതിനായി ഓരോ വർഷവും വിജിലൻസ് ബോധവൽക്കരണ വാരാചരണം നടത്തി വരുന്നുണ്ട്. വിജിലൻസ് വകുപ്പ് സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായി വിജിലൻസ് ആസ്ഥാനത്ത് സോഷ്യൽ മീഡിയാ സെൽ പ്രവർത്തിച്ച് വരുന്നുണ്ട്.
വിജിലൻസ് തങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരുകയും അതിന്റെ ഫലമായി അഴിമതി കേസുകൾ കൂടുതൽ ആഴത്തിൽ അന്വേഷിക്കുന്നതിനും അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജന്റുമാരെ പിടികൂടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ബ്യൂറോയെ പ്രൊഫഷണലൈസ് ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണ മികവ് വർധിപ്പിക്കാനുള്ള പരിശീലനം ഇതിനോടകം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മികച്ച

| | | | |
|---|---|---|---|
| | | | ഫലങ്ങൾ കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിന് വ്യത്യസ്തമായി അതിന് അവസരം നൽകാതെ ആരംഭത്തിൽ തന്നെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികളും വിജിലൻസ് ബ്യൂറോ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ആഭ്യന്തര-വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥർക്കായി വിദഗ്ധ ട്രെയിനിംഗും നൽകി വരുന്നുണ്ട്.<br>ബ്യൂറോയിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തുടനീളം വിവിധ സ്ഥലങ്ങളിലായി 5 പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിജിലൻസ് ആസ്ഥാനത്തും മദ്ധ്യമേഖലാ, ഉത്തരമേഖലാ ഓഫീസുകളിലുമായി സൈബർ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.<br>ഇത്തരത്തിൽ അഴിമതിക്കെതിരെ ശക്തവും കാര്യക്ഷമവും സുതാര്യവുമായ നടപടികളാണ് വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. |
| (ബി) | വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കി അഴിമതി കുറച്ചുകൊണ്ടുവരുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളും വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന ദൃഢനിശ്ചയത്തോടെ വിജിലൻസിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്ന 'അഴിമതിമുക്ത കേരളം' ക്യാമ്പയിൻ വലിയ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്.<br>അഴിമതിക്കാരായ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന പക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സർക്കാർ ഓഫിസുകളും കേന്ദ്രീകരിച്ച് വിവരദാതാക്കളുടെ ഒരു ശൃംഖല തന്നെ വിജിലൻസ് ഒരുക്കിയിട്ടുണ്ട്. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തുടർച്ചയായി |

നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും,ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

അഴിമതി ഇല്ലായ്മ ചെയ്യുന്നതിന് നമ്മുടെ സംസ്ഥാനത്ത് പല ഏജൻസികളും നിയമ വ്യവസ്ഥകളും നിലവിലുണ്ടെങ്കിലും ഇവയൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന തരത്തിൽ പ്രവർത്തിച്ചിരുന്ന ഒരു വിഭാഗം കേന്ദ്ര സർക്കാർ ജീവനക്കാർ നടത്തുന്ന അഴിമതിക്കെതിരെ ശക്തമായ നടപടികൾ വിജിലൻസ് സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പണമിടപാടായി കൈക്കൂലി സ്വീകരിച്ചവർക്കും മദ്യം പാരിതോഷികമായി കൈപ്പറ്റിയവർക്കുമെതിരെ വിജിലൻസ് സ്വീകരിച്ചുവരുന്ന കർശന നടപടികൾ ഉദ്യോഗസ്ഥരിൽ ഭയം ജനിപ്പിച്ചിട്ടുള്ളതും ഇതിന്റെ ഫലമായി സാധാരണക്കാർ നിത്യേന സമീപിക്കുന്ന റവന്യൂ, തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം, രജിസ്ട്രേഷൻ, സിവിൽ സപ്ലൈസ് മുതലായ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് വേഗതയിലുള്ളതും അഴിമതിരഹിതവുമായ സേവനങ്ങൾ ലഭിച്ച് തുടങ്ങിയിട്ടുണ്ട്.

അഴിമതി നടത്തുന്നവരെ കൈയ്യോടെ പിടികൂടുന്നതിലേക്കായി ട്രാപ്പ് കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്ത് വരുകയും ആയതിലൂടെ അഴിമതി തടയുന്നതിലേക്ക് കർശന നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും, 8592900900 എന്ന നമ്പറിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ കൈക്കൊണ്ട് വരുന്നു.
അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്യൂട്ടിൽ ശേഖരിച്ച് തുടർ

നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഓരോ വർഷവും വിജിലൻസ് ബോധവൽക്കരണ വാരാചരണം നടത്തി വരുന്നുണ്ട്. വിജിലൻസ് വകുപ്പ് സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായി വിജിലൻസ് ആസ്ഥാനത്ത് സോഷ്യൽ മീഡിയാ സെൽ പ്രവർത്തിച്ച് വരുന്നുണ്ട്.
വിജിലൻസ് തങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരുകയും അതിന്റെ ഫലമായി അഴിമതി കേസുകൾ കൂടുതൽ ആഴത്തിൽ അന്വേഷിക്കുന്നതിനും അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജന്റുമാരെ പിടികൂടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ബ്യൂറോയെ പ്രൊഫഷണലൈസ് ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണ മികവ് വർധിപ്പിക്കാനുള്ള പരിശീലനം ഇതിനോടകം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മികച്ച ഫലങ്ങൾ കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടപ്പിലാക്കി വരുന്നു.

അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിന് വ്യത്യസ്തമായി അതിന് അവസരം നൽകാതെ ആരംഭത്തിൽ തന്നെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികളും വിജിലൻസ് ബ്യൂറോ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ആഭ്യന്തര-വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥർക്കായി വിദഗ്ധ ട്രെയിനിംഗ് നൽകി വരുന്നുണ്ട്.
ബ്യൂറോയിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തുടനീളം വിവിധ സ്ഥലങ്ങളിലായി 5 പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിജിലൻസ് ആസ്ഥാനത്തും മദ്ധ്യമേഖലാ, ഉത്തരമേഖലാ ഓഫീസുകളിലുമായി സൈബർ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.
ഇത്തരത്തിൽ അഴിമതിക്കെതിരെ ശക്തവും

| | | | |
|---|---|---|---|
| | | | കാര്യക്ഷമവും സുതാര്യവുമായ നടപടികളാണ് വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. |
| (സി) | സംസ്ഥാന സർക്കാർ സർവീസിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ടെന്ന വിവരം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; | (സി) | അനുബന്ധം I ആയി ചേർക്കുന്നു |
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വിജിലൻസ് എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ? | (ഡി) | 8കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം – I**</u>

| ക്രമ നം. | വകുപ്പുകൾ | കുറ്റാരോപിതരുടെ എണ്ണം |
|---|---|---|
| 1 | റവന്യൂ വകുപ്പ് | 195 |
| 2 | തദ്ദേശ സ്വയം ഭരണ വകുപ്പ് | 304 |
| 3 | പൊതുമരാമത്ത് വകുപ്പ് | 50 |
| 4 | മൃഗ സംരക്ഷണ വകുപ്പ് | 11 |
| 5 | ഗതാഗത വകുപ്പ് | 19 |
| 6 | ലീഗൽ മെട്രോളജി വകുപ്പ് | 4 |
| 7 | ആഭ്യന്തര വകുപ്പ് | 40 |
| 8 | ബിവറേജസ് കോർപ്പറേഷൻ | 22 |
| 9 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | 37 |
| 10 | മലിനീകരണ നിയന്ത്രണ വകുപ്പ് | 5 |
| 11 | ജലസേചന വകുപ്പ് | 15 |
| 12 | വിദ്യാഭ്യാസ വകുപ്പ് | 33 |
| 13 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | 32 |
| 14 | ജ്യുഡീഷ്യറി വകുപ്പ് | 1 |
| 15 | ഊർജ വകുപ്പ് | 17 |
| 16 | ക്ഷീര വികസന വകുപ്പ് | 3 |
| 17 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 4 |
| 18 | മോട്ടോർ വാഹന വകുപ്പ് | 45 |
| 19 | സെക്രട്ടറിയേറ്റ് (പൊതു ഭരണ വകുപ്പ്) | 2 |
| 20 | ദേവസ്വം വകുപ്പ് | 20 |
| 21 | പരിസ്ഥിതി വകുപ്പ് | 3 |
| 22 | എക്സൈസ് വകുപ്പ് | 26 |
| 23 | രജിസ്ട്രേഷൻ വകുപ്പ് | 15 |
| 24 | ഗ്രാമ വികസന വകുപ്പ് | 2 |
| 25 | ട്രഷറി | 8 |
| 26 | സ്പോർട്സ് വകുപ്പ് | 1 |
| 27 | ലോട്ടറി വകുപ്പ് | 4 |
| 28 | ധനകാര്യ വകുപ്പ് | 2 |
| 29 | കൃഷി വകുപ്പ് | 24 |
| 30 | ഫിഷറീസ് വകുപ്പ് | 3 |

| | | |
|---|---|---|
| 31 | സിവിൽ സപ്ലൈസ് വകുപ്പ് | 31 |
| 32 | ഭവന നിർമ്മാണ വകുപ്പ് | 2 |
| 33 | വനം വകുപ്പ് | 49 |
| 34 | ഭക്ഷ്യ സരക്ഷാ വകുപ്പ് | 1 |
| 35 | ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് | 2 |
| 36 | ടൂറിസം വകുപ്പ് | 6 |
| 37 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് | 7 |
| 38 | സർവ്വെ വകുപ്പ് | 9 |
| 39 | ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് | 1 |
| 40 | തൊഴിൽ വകുപ്പ് | 3 |
| 41 | ജയിൽ വകുപ്പ് | 3 |
| 42 | നികുതി വകുപ്പ് | 4 |
| 43 | ആയുഷ് വകുപ്പ് | 1 |
| 44 | വ്യവസായ വകുപ്പ് | 9 |
| | ആകെ | 1075 |

അനുബന്ധം - II

| ക്രമ നം | വകുപ്പുകൾ | വി.സി നമ്പർ | കുറ്റാരോപിതരുടെ എണ്ണം |
|---|---|---|---|
| 1 | എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് | വി.സി.9/2025/ഇ.കെ.എം | 1 |
| 2 | കേന്ദ്ര സർവ്വകലാശാല | വി.സി.1/2024/കെ.എസ്.ഡി | 1 |
| 3 | ആഭ്യന്തര വകുപ്പ് (സി.ഐ.എസ്.എഫ്) | വി.സി. 1/2024/എം.പി.എം | 1 |
| 4 | തൊഴിൽ വകുപ്പ് (റീജിയണൽ ലേബർ കമ്മീഷണർ ഓഫീസർ) | വി.സി.6/2024/ഇ.കെ.എം | 1 |
| 5 | റയിൽവേ വകുപ്പ് (റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്) | വി.സി.4/2024/എസ്.ആർ.ടി | 2 |
| 6 | നികുതി വകുപ്പ് (സെൻട്രൽ ടാക്സ് ആൻഡ് സെൻട്രൽ എക്സൈസ്) | വി.സി.2/2021/വയനാട് | 1 |
| 7 | നികുതി വകുപ്പ്(സെൻട്രൽ ടാക്സ് ആൻഡ് സെൻട്രൽ എക്സൈസ്) | വി.സി.2/2023/വയനാട് | 1 |
|  | ആകെ |  | 8 |